മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ പഴയ മെഷീനറി വിൽപ്പന

301 (650) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലും 2014-ലും മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ നിന്നും പഴയ മെഷീനറി വിൽപ്പന നടത്തിയതിന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നോ ; നിയമപ്രകാരം ഇ-ടെൻഡർ ക്ഷണിക്കേണ്ട ആവശ്യകത ഉണ്ടോ ;

(ബി) മലപ്പുറം മില്ലിലെ ഡയറക്ടർ ബോർഡിലുള്ള വ്യവസായവകുപ്പ് അണ്ടർ സെക്രട്ടറിയുടെ സമ്മർദ്ദത്തിൽ, വ്യവസായവകുപ്പിലെയും ഹാന്റ്ലൂം ഡയറക്ടറേറ്റിലെയും ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പഴയ മെഷീനറി വിൽപ്പനക്കായി കുറവ് വാല്യുവേഷൻ നടത്തിയതായും പഴയ മെഷനറി വിൽപ്പനയിൽ അഴിമതി നടന്നതായും ഉയർന്നിട്ടുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; പരാതിയിന്മൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുമോ ; ഇല്ലെങ്കിൽ മറ്റേതെങ്കിലും അന്വേഷണത്തിനു ഉത്തരവിടാമോ ;

(സി) മില്ലിലേക്ക് 5 ലക്ഷം രൂപക്ക് മുകളിൽ പോളിയെസ്റ്റർ വാങ്ങുന്നത് ഇ-ടെണ്ടർ ക്ഷണിച്ചാണോ ; ഇ-ടെണ്ടർ വിളിക്കാതെ വാങ്ങുവാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നിയമ വിരുദ്ധമായി വാങ്ങിയതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. മെഷീനറികൾ ഇ-ടെണ്ടർ വിളിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള പരിധിയ്ക്ക് താഴെയുള്ള വിലയായതിനാൽ ഇ-ടെൻഡർ ആവശ്യമായി വന്നിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴയ മെഷിനറികളുടെ വിൽപ്പനക്കായി വാല്യുവേഷൻ നടത്തിയത് കേന്ദ്രസർക്കാർ അംഗീകാരമുള്ള ടെക്സ്റ്റൈൽ ഗവേഷണ സ്ഥാപനമായ സൗത്ത് ഇൻഡ്യ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷൻ (SITRA) ആണ്. വ്യവസായവകുപ്പ് ഉദ്യോഗസ്ഥരോ ഹാന്റ്ലൂം ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരോ അല്ല. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടില്ല. ധനകാര്യ സെക്രട്ടറിക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മില്ലിലെ പഴയ മെഷീനറി വിൽപ്പന സംബന്ധിച്ച് ധനകാര്യ പരിശോധനാവിഭാഗം അന്വേഷണം നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) മില്ലിലേക്ക് 5 ലക്ഷം രൂപക്ക് മുകളിൽ പോളിസ്റ്റർ വാങ്ങുന്നത് ഇ-ടെണ്ടർ ക്ഷണിച്ചിട്ടല്ല. കേരളത്തിലെ പൊതുമേഖലാ ടെക്സ്റ്റൈൽ മില്ലുകളിലും സഹകരണ മേഖലയിലെ മില്ലുകളിലും പോളിസ്റ്റർ, കോട്ടൺ എന്നിവ വാങ്ങുന്നത് സെൻട്രലൈസ്ഡ് കോട്ടൺ. പർച്ചേസ് കമ്മിറ്റി (CCPC) മുഖേനയാണ്. പോളിസ്റ്റർ വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും, പോളിസ്റ്റർ വാങ്ങുമ്പോൾ വാങ്ങുന്ന ദിവസത്തെ വില അനുസരിച്ച് നൽകേണ്ടി വരുന്നതിനാലും, ഇ-ടെണ്ടർ സിംഗിൾ കോട്ട് ആയതിനാലും പോളിസ്റ്റർ പർച്ചേസ് ചെയ്യാൻ ഇ-ടെണ്ടർ മുഖേന പ്രായോഗികമായി കഴിയില്ല. ആയതിനാൽ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് അതാതു മില്ലുകൾ നേരിട്ട പോളിസ്റ്റർ വാങ്ങുന്നതിനായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ക്രഡിറ്റ് ഫെസിലിറ്റി അനുവദിച്ചുകൊണ്ടാണ് മില്ലുകളെല്ലാം പോളിസ്റ്റർ വാങ്ങുന്നത്.

ഐ.ടി. മേഖലയിലെ തൊഴിൽ ചൂഷണവും തട്ടിപ്പും

302 (651) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണവും തട്ടിപ്പും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഐ.ടി. മേഖലയിൽ ട്രെയിനിംഗ് എന്ന പേരിൽ യുവാക്കളെയും സർക്കാരിനെയും വഞ്ചിക്കാൻ ശ്രമിക്കുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാരിന്റെ ആനുകൂല്യങ്ങൾ മുഴുവനും നേടിയ ശേഷം പൂട്ടിപ്പോകുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിനായി ഐ.ടി. മേഖലയിൽ പ്രത്യേക നിയമം കൊണ്ടുവരുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിനായി ടെക്നോപാർക്കും ഇൻഫോ പാർക്കും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. ടെക്നോപാർക്ക് :

(I) ഉദ്യോഗാർത്ഥികളിൽ നിന്നും ട്രെയിനിംഗ് എന്ന പേരിൽ പണം വാങ്ങി പരിശീലനം നൽകാൻ പാടില്ലെന്ന് ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികളുമായുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly